# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1035

30.10.2019-ലെ മറുപടി

## ജല അതോറിറ്റി നൽകുന്ന ശുദ്ധജല കണക്ഷനുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ജല അതോറിറ്റി നൽകുന്ന ശുദ്ധജല കണക്ഷനുകളുടെ എണ്ണം എത്രയാണെന്നും 2016-ൽ അത് എത്രയായിരുന്നുവെന്നും വിശദമാക്കാമോ; | (എ) | നിലവിൽ ജല അതോറിറ്റി നൽകുന്ന ശുദ്ധജല കണക്ഷനുകളുടെ എണ്ണം : 2640190<br>2016-ലെ ശുദ്ധജല കണക്ഷനുകളുടെ എണ്ണം : 2106479 |
| (ബി) | ജല അതോറിറ്റി നിലവിൽ എത്ര കോടി രൂപയുടെ എത്ര പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ; | (ബി) | കേരള ജല അതോറിറ്റി നിലവിൽ 3747.02 കോടി രൂപയുടെ 1621 പദ്ധതികളാണ് സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി എന്നിവയിൽ നടപ്പിലാക്കി വരുന്നത്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പദ്ധതി | എണ്ണം | ഭരണാനുമതി തുക (കോടി) |
|---|---|---|---|
| 1. | സ്റ്റേറ്റ് പ്ലാൻ | 1448 | 1562.75 |
| 2. | നബാർഡ് | 39 | 736.65 |
| 3. | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (എൻ.ആർ.ഡി. ഡബ്ല്യൂ.പി) | 134 | 1447.62 |
| ആകെ | | 1621 | 3747.02 |

മേൽ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളിൽ ഓരോന്നിനും പദ്ധതിയുടെ വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം നിർവഹണ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഫണ്ടിന്റെ ലഭ്യത, പദ്ധതി നിർവഹണത്തി-

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | നാവശ്യമായ സ്ഥലം, മറ്റ വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ട അനുമതികൾ തുടങ്ങിയവയുടെ ലഭ്യതയിലുണ്ടാകുന്ന തടസ്സങ്ങൾ പൂർത്തീകരണ കാലയളവിനെ ബാധിക്കാനിടയുണ്ട്.<br>കൂടാതെ കേരള വാട്ടർ അതോറിറ്റി കിഫ്ബിയുടെ ധനസഹായത്തോടെ 4351.553 കോടി രൂപയുടെ 69 പദ്ധതികളും, കേന്ദ്ര-സംസ്ഥാന പദ്ധതിയായ അമൃത് മുഖേന 1254. 22 കോടിയുടെ 283 പ്രവൃത്തികളും (കുടിവെള്ള വിതരണവും സീവറേജ് സംവിധാനം മെച്ചപ്പെടുത്തലും) നടപ്പിലാക്കി വരുന്നു. കൂടാതെ നീതി ആയോഗിൽ 19.73 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കി വരുന്നു. നീതി ആയോഗിലെ പദ്ധതികൾ രണ്ടു കൊല്ലത്തിനകം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. കിഫ്ബി ധനസഹായത്തോടെ 59 വൻകിട പദ്ധതികളും, പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ) 382. 64 കോടി രൂപയുടെ വിവിധ പ്രവൃത്തികളുമാണ് നടപ്പിലാക്കുന്നത്. മേല്പറഞ്ഞ 10 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 59 വൻകിട പദ്ധതികളുടെയും അമൃത് പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരള ജല അതോറിറ്റിക്ക് കുടിശ്ശിക യിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര; വ്യക്തമാക്കാമോ; | (സി) | കേരള ജല അതോറിറ്റിയ്ക്ക് കുടിശ്ശികയിനത്തിൽ പലിശയും പിഴപ്പലിശയും ഉൾപ്പെടെ1111.54 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |
| (ഡി) | ജല അതോറിറ്റി പ്രതിദിനം വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നുവെന്നും, ഇതു മൂലം എത്ര തുകയുടെ വരുമാന നഷ്ടം വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (ഡി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാന രഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാന രഹിത ജലമായി കണക്കാക്കുന്നത്. ഇതു പ്രധാനമായും രണ്ടു ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് -പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം |

| ചോദ്യം | മറുപടി |
|---|---|
| | തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യ നഷ്ടം). ആകെയുള്ള വരുമാന രഹിത ജലത്തിൽ 20 - 25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്. ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ആണ്.<br>പൈപ്പ് ലൈനിലെ ചോർച്ചമൂലം നഷ്ടപ്പെടുന്ന വെള്ളം കാരണമുണ്ടാകുന്ന വരുമാനനഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 3000-ത്തോളം ദശലക്ഷം ലിറ്റർ ജലത്തിൽ പ്രതിദിനം ബില്ല് ചെയ്യുന്ന അളവ് 1800- ഓളം ദശലക്ഷം ലിറ്റർ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ വരുമാന രഹിത ജലത്തിന്റെ അളവ് 40% എന്ന് കണക്കാക്കിയാൽ ഏകദേശം 1.2 കോടി രൂപ പ്രതിദിനം വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.<br>പ്രധാന ലൈനുകളിലും ഉപ ലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു ഇതിനായി സ്റ്റേറ്റ് പ്ലാൻ 2017-18 ൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോഫോൺ) ഉപയോഗിച്ച് ചോർച്ച കണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്തുവാനായി ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള മെഷർമെന്റുകളും അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തുന്നു. പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ചും എ.സി പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.കൂടാതെ കേരള വാട്ടർ അതോറിറ്റി കിഫ്ബിയുടെ ധനസഹായത്തോടെ 4351.553 രൂപയുടെ 69 പദ്ധതികളും, കേന്ദ്ര-സംസ്ഥാന പദ്ധതിയായ അമൃത് മുഖേന 1254.22 |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | കോടി രൂപയുടെ 283 പ്രവൃത്തികളും (കുടിവെള്ള വിതരണവും സീവറേജ് സംവിധാനം മെച്ചപ്പെടുത്തലും) നടപ്പിലാക്കി വരുന്നു. കൂടാതെ നീതി ആയോഗിൽ 19.73 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കി വരുന്നു. നീതി ആയോഗിലെ പദ്ധതികൾ രണ്ടു കൊല്ലത്തിനകം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. കിഫ്ബി ധനസഹായത്തോടെ 59 വൻകിട പദ്ധതികളും, പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 382.64 കോടി രൂപയുടെ വിവിധ പ്രവർത്തികളുമാണ് നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ 10 സർക്കിളുകളിലെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ഇ) | നിലവിൽ മാറ്റി സ്ഥാപിക്കേണ്ടതായി വന്ന കേടായ മീറ്ററുകളുടെ എണ്ണം എത്രയെന്നും 2016-ൽ അത് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ? | (ഇ) | നിലവിൽ മാറ്റി സ്ഥാപിക്കേണ്ടതായി വന്ന കേടായ മീറ്ററുകളുടെ എണ്ണം } 129,665<br><br>2016-ൽ മാറ്റി സ്ഥാപിക്കേണ്ടതായി വന്ന കേടായ മീറ്ററുകളുടെ എണ്ണം } 118, 652 |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | | |
|---|---|---|---|
| കിഫ്ബി പദ്ധതികൾ | | | |
| കിഫ്ബി 2016-17 പദ്ധതികൾ | | | |
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ ) | പൂർത്തീകരണ ദിവസം (ഏകദേശം) |
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35 | പദ്ധതി പൂർത്തീകരിച്ചു |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58 | 31/12/2020 |
| 3 | കൊല്ലം കോർപ്പറേഷൻ- രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 235 | 31/03/2021 |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 76 | 31/05/2021 |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി യുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.4 | 30/04/2020 |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85 | 31/12/2020 |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34 | 16/02/2020 |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 50 | 31/03/2021 |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 185 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.6 | 31/03/2021 |
| 11 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | പദ്ധതി പൂർത്തീകരിച്ചു |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി – വിതരണശൃംഖല മെച്ച പ്പെടുത്തൽ | 12 | പദ്ധതി പൂർത്തീകരിച്ചു |
| 13 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ | 18 | പദ്ധതി പൂർത്തീകരിച്ചു |
| 14 | തിരുവാലിയ്ക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം –ഘട്ടം I & II- തിരുവാലി, വണ്ടൂർ - ഒന്നാം ഭാഗം | 22.2 | 31/12/2019 |
| 15 | നെന്മാറയ്ക്കും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം –ഘട്ടം-II | 24.5 | 31/12/2020 |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12 | 31/10/2019 |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ ) | പൂർത്തീകരണ ദിവസം (ഏകദേശം) |
|---|---|---|---|
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ | 16.5 | 30/06/2020 |
| 18 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ ഘട്ടം-2 | 41.4 | 31/12/2020 |
| 19 | ചീക്കോട് കടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26 | 31/12/2019 |
| 20 | കല്ലുവാതു ക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27 | 30/09/2021 |
| 21 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി – ഘട്ടം -1 | 10 | പദ്ധതി പൂർത്തീകരിച്ചു |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 22 | 31/12/2019 |
| 23 | താനൂർ മുനിസിപ്പാലിറ്റിയും സമീപ 4 പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഘട്ടം -I | 100 | 31/12/2020 |
| **കിഫ്ബി 2017-18 പദ്ധതികൾ** | | | |
| 24 | പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം ,തലവൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി –രണ്ടാം ഘട്ടം | 60.13 | 31/10/2020 |
| 25 | ചാഴൂർ, അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 34.76 | 31/12/2021 |
| 26 | കോടശ്ശേരി പരിയാരം ,ആതിരപ്പള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 58.61 | 31/12/2021 |
| 27 | നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതി | 69.96 | 31/12/2021 |
| 28 | എടയൂർ- ഇരിമ്പിളിയം - വളാഞ്ചേരി കുടിവെള്ള പദ്ധതി | 72.17 | 31/12/2021 |
| 29 | അയ്യപ്പൻകോവിൽ ജലവിതരണ പദ്ധതി | 46.424 | 31/12/2021 |
| 30 | തിരുവനന്തപുരം നെയ്യാർ ബദൽ സ്രോതസ്സ് | 206.962 | 31/12/2021 |
| 31 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 89.189 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 32 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 19.87 | 31/12/2021 |
| 33 | അതിയന്നൂർ, കോട്ടുകൽ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി | 25.49 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 34 | രാമൻചാടി- അലിഗർ കുടിവെള്ള പദ്ധതി | 92.52 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 35 | ഇടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം | 47.21 | 31/12/2021 |
| 36 | തലശ്ശേരി- കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | 85.86 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 37 | കരുമാളൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 37.485 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ ) | പൂർത്തീകരണ ദിവസം (ഏകദേശം) |
|---|---|---|---|
| 38 | എലവഞ്ചേരി- പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി | 17.58 | 31/12/2021 |
| 39 | കരിമ്പ, കോങ്ങാട് പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 28.3 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 40 | ഫറൂക്ക് കരുവൻതുരുത്തി കുടിവെള്ള പദ്ധതി | 18.64 | 31/12/2021 |
| 41 | വണ്ടാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി- കണ്ണമ്പ്ര പഞ്ചായത്തുകളിലലേക്കുള്ളസമഗ്ര ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം | 69.54 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 42 | മലമ്പുഴയിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള കുടിവെള്ള പദ്ധതി | 64.14 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 43 | അങ്കമാലി കുടിവെള്ള വിതരണ പദ്ധതിയുടെ ദീർഘിപ്പിക്കൽ | 115.93 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 44 | കണ്ണൂർ ജില്ലയിലെ പേരാവൂർ, മുഴക്കുന്ന് , പായം,അച്ചന്ക,ന്ന് എന്നിവിടങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി- ഒന്നാം ഘട്ടം | 76.01 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 45 | ആലാ-പുലിയൂർ, ബുധനൂർ,പാണ്ടനാട് ,മുളക്കുഴ,വെണ്മണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 199.13 | 31/12/2022 |
| 46 | മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതി | 72.58 | 31/12/2021 |
| 47 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി | 93.225 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 48 | കരിമുകയം കുടിവെള്ള പദ്ധതി | 68.64 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 49 | കിഴക്കൻ മല ജലവിതരണ പദ്ധതി | 43.09 | 30/06/2021 |
| 50 | കുട്ടനാട് കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | 289.54 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 51 | ചാത്തന്നൂർ ജലവിതരണ പദ്ധതി | 60 | 31/05/2021 |
| 52 | പുളിമാത്ത്, നഗരൂർ, കരവാരം പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 81.81 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 53 | കുഞ്ഞിമംഗലം, ചെറുതാഴം, ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി- ഒന്നാം ഘട്ടം | 56.89 | 30/06/2021 |
| 54 | എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി | 28.82 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 55 | പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 23.77 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 56 | പാലക്കാട് ജില്ലയിലെ പെരുമാട്ടി, പട്ടഞ്ചേരി, എലപ്പുള്ളി, നല്ലേപ്പുള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം | 25.99 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 57 | ഒറ്റപ്പാലം താലൂക്കിലെ അമ്പലപ്പാറ പഞ്ചായത്തുകളിലേ ക്കുള്ള കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം | 11.14 | 30/06/2021 |
| 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികൾ | | | |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ ) | പൂർത്തീകരണ ദിവസം (ഏകദേശം) |
|---|---|---|---|
| 58 | കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള കടിവെള്ള പദ്ധതിയുടെ വിപുലീകരണം | 108.698 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 59 | ആലപ്പുഴ മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം-ശേഷിക്കുന്ന പ്രവർത്തികൾ | 211.709 | സ്ഥലം ലഭ്യമാകേണ്ടതുണ്ട് |

**2016 -17 കിഫ്ബി വഴി നടപ്പിലാക്കുന്ന കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പദ്ധതികൾ - റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭ്യമായതിന് ശേഷം പരമാവധി ഒരു കൊല്ലത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.**

**സെക്ഷൻ ഓഫീസർ**

## അമൃത് പദ്ധതി - കുടിവെള്ള പ്രവർത്തികൾ*

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| **തിരുവനന്തപുരം കോർപറേഷൻ** | | | |
| 1 | അരുവിക്കരയിലെ 75 MLD പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം. | 70.00 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 2 | വെള്ളയമ്പലം, പോങ്ങുംമൂട് , കവടിയാർ എന്നിവിടങ്ങളിൽ സ്മാർട്ട് ഓഫീസുകളുടെ നിർമ്മാണം | 1.75 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 3 | തിരുവനന്തപുരം കോർപ്പറേഷനിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ - ഒന്നാം ഘട്ടം & രണ്ടാം ഘട്ടം | 2.29 | ടി പ്രവർത്തി 2 ഭാഗങ്ങളായി വിഭജിച്ച്, രണ്ടിനും വർക്ക് ഓർഡർ നൽകി. ഇതിൽ 1 എണ്ണം പ്രവർത്തി ആരംഭിച്ചു. |
| 4 | തിരുവനന്തപുരം കോർപ്പറേഷനിൽ ഫ്ലോ മീറ്ററുകൾ സ്ഥാപിക്കൽ. | 7.50 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 5&6 | തിരുവനന്തപുരം കോർപറേഷനിലെ പഴയ കേടുവന്ന പൈപ്പ് ലൈനുകളുടെയും സർവീസ് കണക്ഷനുകളുടെയും മാറ്റി സ്ഥാപിക്കൽ ( ഒന്നാം ഘട്ടം) | 15.00 | ടി പ്രവർത്തി 32 ഭാഗങ്ങളായി വിഭജിക്കുകയും ഇവയ്ക്കെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 12 എണ്ണം പൂർത്തീകരിച്ചു. |
| 7 | തിരുവനന്തപുരം കോർപറേഷനിലെ പഴയ കേടുവന്ന പൈപ്പ് ലൈനുകളുടെയും സർവീസ് കണക്ഷനുകളുടെയും മാറ്റി സ്ഥാപിക്കൽ ( രണ്ടാം ഘട്ടം) | 2.50 | ടി പ്രവർത്തി 7 ഭാഗങ്ങളായി വിഭജിക്കുകയും ഇവയ്ക്കെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 6 എണ്ണം പൂർത്തീകരിച്ചു. |
| **കൊല്ലം കോർപറേഷൻ** | | | |
| 1 | കൊല്ലം കോർപ്പറേഷനിൽ പഴയ കേടുവന്ന എ.സി പൈപ്പ് ലൈനുകൾ മാറ്റി പഴയാറ്റ്ക്കുഴി ജലസംഭരണിയിൽ നിന്ന് കൊല്ലം കോപ്പറേഷനിലെ അമ്മൻനട ഡിവിഷനിൽ വിതരണ ശ്രിംഖല സ്ഥാപിക്കൽ | 6.59 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 2 | കൊല്ലം കോർപ്പറേഷനിൽ മാടൻനട ജംഗ്ഷനിൽ നിന്ന് പോളയത്തോട് ജങ്ഷൻ വരെയുള്ള 250 മില്ലിമീറ്റർ DI K -9 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | ടി പ്രവർത്തിക്ക് കരാർ നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 3 | കൊല്ലം കോർപ്പറേഷനിൽ പഴയ കേടുവന്ന എ.സി പൈപ്പ് ലൈനുകൾ മാറ്റി, പാർവതി മില്ലിനടുത്തുള്ള ജല സംഭരണി മുതൽ ആണ്ടമുക്കം, താമരകുളം, കണ്ടോൺമെന്റ് ഏരിയ വരെ, ചിന്നക്കട മുതൽ മുണ്ടക്കൽ ബീച്ച് വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ. | | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 4 | കൊല്ലം കോർപ്പറേഷനിൽ 7 മുതൽ 11 വരെയുള്ള ഡിവിഷനുകളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ - 110 എം.എം പി.വി.സി - 2500 മി. 90 എം.എം പി.വി.സി - 4500 മി സ്ഥാപിക്കൽ. | | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 5 | കൊല്ലം കോർപ്പറേഷനിൽ 7 മുതൽ 11 വരെയുള്ള ഡിവിഷനുകളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ - കേടായ പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കൽ. | | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 6 | ആനന്ദവല്ലേശ്വരം ബൂസ്റ്റർ പമ്പ് ഹൗസിൽ 50HP / 75HP വി.ടി പമ്പുകൾ മാറ്റി സ്ഥാപിക്കൽ. | | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 7 | കൊല്ലം കോർപ്പറേഷനിൽ ട്യൂബ് വെൽ പമ്പ് ഹൗസിൽ ക്ലോറിനേറ്റർ സംവിധാനത്തിന്റെ സ്ഥാപിക്കൽ | | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 8 | ആനന്ദവല്ലേശ്വരം ബൂസ്റ്റർ പമ്പ് ഹൗസിൽ 100 കി.ഗ്രാം ക്ലോറിൻ സിലിണ്ടറുള്ള ക്ലോറിനേറ്റർ സംവിധാനത്തിന്റെ സ്ഥാപിക്കൽ | | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 9 | പുതിയ സർവീസ് കണക്ഷനുകൾ സ്ഥാപിക്കൽ ( ഒന്നാം ഘട്ടം) | 7.00 | 5780 എണ്ണം പുതിയ കണക്ഷനുകൾ നൽകി. പ്രവർത്തി പുരോഗമിക്കുന്നു. |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 10 | കൊല്ലം കോർപ്പറേഷന്റെ ജലവിതരണ സമ്പ്രദായത്തിന്റെ മെച്ചപ്പെടുത്തൽ | 80.71 | ഈ പ്രവർത്തി 6 ഭാഗങ്ങളായി വിഭജിക്കുകയും 4 പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഒരു പ്രവർത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചു. ഒരു പ്രവർത്തിയ്ക്ക് പുനർദർഘാസ് ക്ഷണിക്കേണ്ടതുണ്ട്. |
| 11 | പുതിയ സർവീസ് കണക്ഷനുകൾ സ്ഥാപിക്കൽ -( രണ്ടാം ഘട്ടം) | 7.90 | ടി പ്രവർത്തിയ്ക്ക് പുനർദർഘാസ് ക്ഷണിച്ചു. ടെണ്ടർ പരിശോധന പുരോഗമിക്കുന്നു |
| **ആലപ്പുഴ മുനിസിപാലിറ്റി** | | | |
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജലവിതരണ സംവിധാനത്തിന്റെ നവീകരണം (ഘട്ടം -1) | 33.9 | ടി പ്രവർത്തി 8 പാക്കേജ് ആയി വിഭജിക്കുകയും ഇവയിൽ 5 എണ്ണത്തിന് വർക്ക് ഓർഡർ നൽകി. ഇതിൽ 1 എണ്ണം പൂർത്തീകരിയ്ക്കുകയും 4 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ 3 പ്രവർത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജല വിതരണ സംവിധാനത്തിന്റെ നവീകരണം (ഘട്ടം -2) | 56.87 | ഈ പ്രവർത്തി പുരോഗമിക്കുന്നു. KRFB റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട് |
| 3 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജല വിതരണ വിതരണ സംവിധാനത്തിന്റെ നവീകരണം (ഘട്ടം -3) | 58.13 | ടി പ്രവർത്തി പുരോഗമിക്കുന്നു.KRFB റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട് |
| **കൊച്ചി കോർപറേഷൻ** | | | |
| 1 | കരുവേലിപ്പടി മുതൽ കുവപ്പാടം വരെയുള്ള 525mm പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 3.65 | ടി പ്രവർത്തി പുരോഗമിക്കുന്നു. |
| 2 | കരുവേലിപ്പടിയിൽ 15 ലക്ഷം ലിറ്റർ ഭൂതല ജല സംഭരണിയുടെ നിർമ്മാണം. | 3.20 | ടി പ്രവർത്തി പൂർത്തീകരിച്ചു. |
| 3 | പഴയ 250 മില്ലി മീറ്റർ കാസ്റ്റ് അയൺ പൈപ്പ് മാറ്റി പകരം 300 മില്ലി മീറ്റർ ഡി. ഐ കെ - 9 പൈപ്പ് കോന്തുരുത്തി റോഡിലൂടെ സ്ഥാപിക്കൽ | 0.82 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 4 | പണ്ഡിറ്റ് കറുപ്പൻ റോഡിൻറെ ഇരു വശങ്ങളിലുമുള്ള കേടായ 100 mm AC പൈപ്പ് ലൈൻ മാറ്റി 160 mm പി.വി.സി റൈഡർ ലൈൻ സ്ഥാപിക്കൽ | 1.61 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 5 | വളഞ്ഞമ്പലം മുതൽ രവിപുരം വരെ 100 മില്ലി മീറ്റർ കാസ്റ്റ് അയൺ പൈപ്പ് ലൈൻ മാറ്റി 160 മില്ലിമീറ്റർ, 110 മില്ലിമീറ്റർ പി.വി.സി പൈപ്പുകൾ സ്ഥാപിക്കൽ | 0.66 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 6 | അരൂർ എടക്കൊച്ചി പാലത്തിന്റെ വടക്കേ അറ്റം മുതൽ ഇടക്കൊച്ചി ജലസംഭരണി വരെ 450 മില്ലിമീറ്റർ, ഡി. ഐ കെ- 9 പൈപ്പ് സ്ഥാപിക്കൽ | 1.52 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 7 | മരട് ജല ശുദ്ധീകരണ ശാല മുതൽ തമ്മനം പമ്പ് ഹൗസ് വരെയുള്ള 500 മില്ലിമീറ്റർ, ഡി. ഐ പൈപ്പ് സ്ഥാപിക്കൽ | 16.5 | ഈ പ്രവർത്തി പുരോഗമിക്കുന്നു. NHAI റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 8 | കത്രിക്കടവ് മുതൽ എളങ്കുളം, ചെട്ടിച്ചിറ, പൊന്നുരുന്നി പ്രദേശങ്ങളിലും ചക്കരപറമ്പ് പ്രദേശത്തും വിതരണ ലൈനുകൾ സ്ഥാപിക്കൽ | 3.25 | ടി പ്രവർത്തി പുരോഗമിക്കുന്നു . |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 9 | പച്ചാളത്ത് 17 ലക്ഷം ലിറ്റർ ജല സംഭരണിയുടെയും 2.5ലക്ഷം ലിറ്റർ ഭൂതല ജല സംഭരണിയുടെയും നിർമ്മാണം. | 7.75 | ടി പ്രവർത്തിയ്ക്ക് പുനർദർഘാസ് ക്ഷണിച്ചു. ടെണ്ടർ പരിശോധന പുരോഗമിക്കുന്നു |
| 10 | ചേരാനല്ലൂരിൽ 15 ലക്ഷം ലിറ്റർ ജല സംഭരണിയുടെയും 2ലക്ഷം ലിറ്റർ ഭൂതല ജല സംഭരണിയുടെയും നിർമ്മാണം. | 7.75 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 11 | തേവരയിൽ 10 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണം. | 5.6 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 12 | തമ്മനം പമ്പ് ഹൗസ് മുതൽ കടവന്ത്ര ജല സംഭരണി വരെ 500 മില്ലി മീറ്റർ ഡി ഐ പംബിംഗ് മെയിൻ സ്ഥാപിക്കൽ. | 7.65 | ടി പ്രവർത്തി പുരോഗമിക്കുന്നു . GCDA റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 13 | കതൃക്കടവ് മുതൽ പച്ചാളത്തെ നിർദ്ധിഷ്ട 17 ലക്ഷം ലിറ്റർ ജല സംഭരണി വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 10.7 | ടി പ്രവർത്തി പുരോഗമിക്കുന്നു . GCDA, PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 14 | ഇടക്കാച്ചിയിൽ 13 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണം. | 6.00 | ടി പ്രവർത്തിയുടെ പൈലിങ്ങ് ജോലികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭമായി സെറ്റിംഗ് ഔട്ട് പൂർത്തിയാക്കിയിട്ടുണ്ട്. |
| 15 | കരുവേലിപ്പടിയിൽ 25 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമാണം | 11.65 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി. |
| 16 | കലൂരിൽ 40 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമാണം | 15.00 | ടി പ്രവർത്തിക്ക് വർക്ക് ഓർഡർ നൽകി. |
| 17 | പെരുമാനൂർ മുതൽ രവിപുരം വരെ 400 മില്ലിമീറ്റർ, ഡി. ഐ കെ-9 പൈപ്പ് സ്ഥാപിക്കൽ | 4.40 | ടി പ്രവർത്തി ആരംഭിച്ചു. |
| 18 | കേടായ സർവീസ് കണക്ഷനുകളുടെ മാറ്റി സ്ഥാപിക്കൽ -5000 എണ്ണം | 5.00 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി. |
| **തൃശ്ശൂർ കോർപറേഷൻ** | | | |
| 1 | കേടായ മീറ്ററുകളുടെ മാറ്റി സ്ഥാപിക്കൽ | 3.00 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 2 | ബൾക്ക് ഫ്ലോ മീറ്റർ മീറ്ററുകൾ സ്ഥാപിക്കൽ | 1.00 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 3 | പീച്ചി ഡാം മുതൽ 36 MLD ജലശുദ്ധീകരണശാലയിലെ ഏയ്റേറ്റർ വരെ 700 മില്ലിമീറ്റർ ഡി. ഐ K9 പൈപ്പ് സ്ഥാപിക്കൽ | 1.00 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 4 | കോർപ്പറേഷൻ ഏരിയയിലേക്ക് നിലവിലുള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തൽ - പഴയ എ.സി / പ്രിമോ പൈപ്പുകൾ മാറ്റി പുതിയ പിവിസി, ഡി.ഐ പൈപ്പുകൾ സ്ഥാപിക്കൽ | 14.40 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 5 | കോർപ്പറേഷൻ പ്രദേശത്ത് നിലവിലുള്ള കേടുപാടുകൾ സംഭവിച്ച പമ്പ് ഹൗസുകളുടെ പുനരുദ്ധാരണം | 0.55 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 6 | ഇൻർക്കോഞ്ചേരി മേഖലയിലേക്കുള്ള ഡബ്ല്യു.എസ്.എസ് നവീകരണം - 400 മില്ലിമീറ്റർ ഡി.ഐ കെ -9 പൈപ്പുകൾ സ്ഥാപിക്കൽ, പഴയ 700 മില്ലിമീറ്റർ പ്രിമോ പൈപ്പുകൾ മാറ്റി പുതിയ 700 മില്ലിമീറ്റർ ഡി.ഐ കെ -9 പൈപ്പുകൾ സ്ഥാപിക്കൽ, നിലവിലുള്ള കേടുപാടുകൾ സംഭവിച്ച പമ്പുകൾ മാറ്റി 65HP സെൻട്രിഫ്യൂഗൽ പമ്പുകൾ സ്ഥാപിക്കൽ. | 3.41 | ടി പ്രവർത്തി പൂർത്തീകരിച്ചു |
| 7 | നിലവിലുള്ള സ്കീമുകൾ പൂർത്തീകരിക്കൽ - ഒല്ലൂർ -20 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും | 11.40 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 8 | തൃശ്ശൂർ കോർപ്പറേഷനിൽ ഒല്ലൂക്കര സോണിൽ 3 MLD ജല ശുദ്ധീകരണശാലയുടെയും ജല സംഭരണിയുടെയും നിർമ്മാണവും പംമ്പിംഗ് മെയിൻ സ്ഥാപിക്കലും . | 6.00 | ടി പ്രവർത്തിക്ക് സ്ഥലം ലഭ്യമായിട്ടില്ല |
| 9 | പീച്ചിയിൽ 20 MLD പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം. | 17.30 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 10 | തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്ത് കേടായ എ. സി പൈപ്പുകൾ മാറ്റി DI K -9 & PVC പൈപ്പുകൾ സ്ഥാപിക്കൽ | 12.95 | ഈ പ്രവർത്തി പുരോഗമിക്കുന്നു. റോഡ് കട്ടിംഗ് അനുമതി PWD-യിൽ നിന്ന് ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 11 | തൃശ്ശൂർ കോർപ്പറേഷനിൽ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ - പാർട്ട് 1 | 8.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 12 | തൃശ്ശൂർ കോർപ്പറേഷനിൽ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ - പാർട്ട് 2 | 17.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 13 | കിഴക്കുംപാട്ടുകര ജല സംഭരണി മുതൽ നെല്ലിക്കുന്ന് വരെ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 6.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 14 | പട്ടിക്കാട് 33 കെ.വി സബ് സ്റ്റേഷൻ മുതൽ പീച്ചി ജലശുദ്ധീകരണ ശാല വരെ പവർ ഫീഡർ ലൈൻ സ്ഥാപിക്കൽ | 3.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 15 | ആന പ്പാറയിൽ 10ലക്ഷം ലിറ്റർ ജല സംഭരണി നിർമ്മാണവും ചേരൂർ 5LL ഭൂതല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 8.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 16 | ആനപ്പാറ വില്ലടം പ്രദേശത്ത് വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 5.80 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 17 | കട്ടനല്ലൂരിലെ 5 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 8.00 | ഈ പ്രവർത്തി ആരംഭിച്ചിട്ടുണ്ട് . PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 18 | പീച്ചിയിൽ ഫ്ലോട്ടിംഗ് ഇൻ ടേക്ക് സ്ട്രക്ച്ചർ സ്ഥാപിക്കൽ | 5.00 | ടി പ്രവർത്തിയുടെ സബ്സ്റ്റേഷൻ ജോലികൾ ആരംഭിച്ചു. |
| ഗുരുവായൂർ മുനിസിപാലിറ്റി | | | |
| 1 | ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ജല വിതരണ സംവിധാനം മെച്ചപ്പെടുത്തൽ - ഗുരുവായൂർ ടൌണിലും പൂക്കോട് പ്രദേശത്തും വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 13.72 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 2 | ഗുരുവായൂരിൽ 10 ക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 15.50 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട് . |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 3 | ഗുരുവായൂരിൽ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ (ഘട്ടം - 2) | 77.18 | ടി പ്രവർത്തി 2 പാക്കേജുകളായി വിഭജിച്ച് പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 4 | തൈക്കാട് പ്രദേശത്ത് വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 10.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 5 | പൂക്കോട് 10 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 19.68 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| പാലക്കാട് മുനിസിപാലിറ്റി | | | |
| 1 | പുത്തൂർ Jn നിൽ നിന്നും മൂത്തൻതറ ജല സംഭരണി വരെ 600 മില്ലി മീറ്റർ ഡി-ഐ കെ 9 - പൈപ്പ് സ്ഥാപിക്കൽ | 5.44 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 2 | മൂത്തൻതറ മുതൽ കൽമണ്ഡപം വരെ പുതിയ 450 മില്ലി മീറ്റർ DI-K9 പൈപ്പ് സ്ഥാപിക്കൽ | 4.56 | |
| 3 | മലമ്പുഴ ജലശുദ്ധീകരണ ശാല മുതൽ മാട്ടുമന്ത വരെ 600 മില്ലി മീറ്റർ ഡി-ഐ കെ -9 -പൈപ്പ് സ്ഥാപിക്കൽ | 6.25 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 4 | വൈദ്യുതകാന്തിക ഫ്ലോ മീറ്ററുകൾ സ്ഥാപിക്കൽ | 0.50 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. |
| 5 | കൽമണ്ഡപം 16ലക്ഷം ലിറ്റർ ജല സംഭരണി നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 3.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 6 | മലമ്പുഴ, കെ.ഡബ്ല്യു.എ. വളപ്പിൽ 45 എംഎൽഡി ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം. | 22.25 | ടി പ്രവർത്തിയുടെ കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടെങ്കിലും പ്രവർത്തിയിൽ പുരോഗതി ഇല്ലാത്തതിനാൽ ടി കരാർ റദ്ദാക്കുകയും രണ്ടാമത്തെ കരാറുകാരന് പ്രവർത്തി നൽകുവാൻ തീരുമാനിച്ചു. |
| 7 | കേടായ പമ്പ് സെറ്റ്, ട്രാൻസ്ഫോമറുകൾ, മാറ്റി സ്ഥാപിക്കൽ | | |
| 8 | 76.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 2 ജല സംഭരണികളുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 13.00 | ടി പ്രവർത്തി 2 പാക്കേജുകളായി വിഭജിക്കുകയും ഇവയിൽ 2 എണ്ണത്തിനും വർക്ക് ഓർഡർ നൽകി ഒരെണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| 9 | ശരിയായ സോണിങ്ങിനു വേണ്ട റൈഡർ മെയിൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (500/450/400/350 mm DI (3 സോണൽ OHSRs)) -15 Km | | |
| 10 | ജലസേചന ബന്ധം (റോഡിന്റെ ഇരുവശവും), കണക്ഷനുകൾ മാറ്റുന്നതിനായി 160 മി.മീ പിവിസി - 30 കി. മി | | |
| 11 | ശരിയായ സോണിങ്ങിനു വേണ്ട റൈഡർ മെയിൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (500/450/400/350 mm DI (3 സോണൽ OHSRs)) -13 Km | 54.33 | ടി പ്രവർത്തി 6 പാക്കേജുകളായി വിഭജിക്കുകയും ഇവയിൽ 6 എണ്ണത്തിനും വർക്ക് ഓർഡർ നൽകി. ഇവയെല്ലാം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| 12 | ജലസേചന ബന്ധം (റോഡിന്റെ ഇരുവശവും), കണക്ഷനുകൾ മാറ്റുന്നതിനായി 160 മി.മീ പിവിസി - 38 കി. മി | | |
| 13 | നിലവിലുള്ള എ.സി പൈപ്പ് ലൈനുകളുടെ സ്ഥാനത്ത് 150/200 / 250mm DI-K9 - 6 കിമി സ്ഥാപിക്കൽ | | |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 14 | പൊതു ടാപ്പിനെ ഉന്മൂലനം ചെയ്യാനും NRW കുറയ്ക്കാനും എല്ലാ ജല കണക്ഷനുകളും നൽകുക - 9000 എണ്ണം | | |
| **കോഴിക്കോട് കോർപറേഷൻ** | | | |
| 1 | കോഴിക്കോട് കോർപ്പറേഷനിൽ നിലവിലുള്ള പഴയ പൈപ്പുകൾ, വാൽവുകൾ മാറ്റി പുതിയ ലൈനുകൾ ഇട്ടു, വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തി | 17.87 | ടി പ്രവർത്തി 8 ഭാഗങ്ങളായി വിഭജിക്കുകയും ഇവയിൽ 3 എണ്ണം പൂർത്തീകരിയ്ക്കുകയും 5 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| 2 | കോഴിക്കോട് കോർപ്പറേഷനിൽ നിലവിലുള്ള പഴയ പൈപ്പുകൾ, വാൽവുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി - ഫേസ് II | 14.63 | ടി പ്രവർത്തി 7 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 5 എണ്ണം പൂർത്തീകരിയ്ക്കുകയും 2 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| 3 | നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ | 17.27 | ടി പ്രവർത്തി 3 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി പണി പുരോഗമിക്കുന്നു. |
| 4 | സംയോജിത കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതി - ഫേസ് II - 10 മേഖലകളിൽ വിതരണ ശൃംഖല സ്ഥാപിക്കൽ | 46.55 | ടി പ്രവർത്തി 10 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി പണി പുരോഗമിക്കുന്നു. |
| **കണ്ണൂർ കോർപറേഷൻ** | | | |
| 1 | മങ്ങാട്ട്പറമ്പ് മുതൽ പള്ളിക്കുന്ന്, പുഴതി വില്ലേജുകൾക്കായി പള്ളിക്കുന്ന് ഒ.എച്ച്.എസ്.ആർ. വരെ ഗ്രാബിറ്റി മെയിൻ സ്ഥാപിക്കൽ | 23.50 | ഈ പ്രവർത്തി പുരോഗമിക്കുന്നു. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 2 | പള്ളിക്കുന്ന്, പുഴതി വില്ലേജുകൾക്ക് പള്ളിക്കുന്നിൽ 24LL OHSR നിർമ്മാണം. | 4.05 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 3 | നിലവിലുള്ള പഴയ വിതരണ ശൃംഖല, വാൽവ്, ഹൗസ് സർവീസ് കണക്ഷൻ, നിലവിലുള്ള ലൈനുകളുമായുള്ള സംയോജിപ്പിക്കലും അനുബന്ധ പ്രവർത്തികളും. | 15.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 4 | തൊട്ടട - എടക്കാട് സോൺ III യിൽ 14 എൽ എൽ OHSR നിർമ്മാണം. | 3.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 5 | തൊട്ടടയിലെ OHSR ൽ നിന്നും Avera ലേക്ക് പൈപ്പ് സ്ഥാപിക്കൽ | 6.80 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 6 | പഴയ വിതരണ ശൃംഖലപുനരുദ്ധാരണം - ഹൗസ് കണക്ഷനുകൾ ബന്ധിപ്പിക്കൽ | 16.90 | ഈ പ്രവർത്തി പുരോഗമിക്കുന്നു. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 7 | നിലവിലുള്ള WTP 30 എംഎൽഡി യിൽ നിന്നും 40 എംഎൽഡി ശേഷി ഉയർത്തൽ | 7.80 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 8 | പുതിയ വിതരണ ലൈൻ 385km സ്ഥാപിക്കലും സർവീസ് കൺനെക്ഷനുകളും - എടക്കാട്, എളയാവൂർ, പള്ളിക്കുന്ന്, പുഴാത്തി മേഖല | 17.47 | ടി പ്രവർത്തി 3 ഭാഗങ്ങളായി വിഭജിക്കുകയും പള്ളിക്കുന്ന്, പുഴാത്തി മേഖലയിൽ പ്രവർത്തി പൂർത്തീകരിച്ചു ബാക്കി പ്രവർത്തി പുരോഗമിക്കുന്നു. |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 9 | നിലവിലുള്ള പഴയ വിതരണ ശൃംഖല, വാൽവ്, ഹൗസ് സർവീസ് കണക്ഷൻ, മാറ്റി സ്ഥാപിക്കൽ - എടക്കാട്, എളയാവൂർ, മേഖല | 19.95 | ടി പ്രവർത്തി 2 ഭാഗങ്ങളായി വിഭജിച്ച് പ്രവർത്തികൾ പുരോഗമിക്കുന്നു. |
| | ആകെ | **1050.86** | |

**** അമൃത് പദ്ധതിയിലൂടെ അനുമതി ലഭിച്ച എല്ലാ പദ്ധതികളും റോഡ് മുറിക്കുന്നതിനുള്ള അനുമതിയും ഫണ്ടിന്റെ ലഭ്യതയും വിധേയമായി, സമയ ബന്ധിതമായി പൂർത്തിയാക്കി 2020 മാർച്ച് - ഓടെ ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ജല അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്.***

സെക്ഷൻ ഓഫീസർ